കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ
തിരുവനന്തപുരം

പരിമിത ക്വട്ടേഷൻ ക്ഷണിച്ചുകൊണ്ടുള്ള അറിയിപ്പ്

(Notice Inviting Limited Quotations)

നമ്പർ: 9015/എ3/പോക്സോ/2026/കേ.സം.ബാ.സം.ക തീയതി: 23.11.2026

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 2026-27 സാമ്പത്തിക വർഷത്തെ പ്രവർത്തന പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന വിഷയത്തിൽ ഗവേഷണ പഠനം നടത്തുന്നതിന് യോഗ്യരായ ഗവേഷണ സ്ഥാപനങ്ങളിൽനിന്ന് പരിമിത ക്വട്ടേഷൻ ക്ഷണിക്കുന്നു.

ഗവേഷണ വിഷയം:

"കേരളത്തിൽ 14 മുതൽ 21 വയസ്സുവരെയുള്ള ആൺകുട്ടികളും യുവാക്കളും പോക്സോ (POCSO) കേസുകളിൽ പ്രതികളാകുന്ന പ്രവണതയിലുണ്ടാകുന്ന വർധനവും പോക്സോ നിയമത്തെക്കുറിച്ചുള്ള അവരുടെ അറിവും അവബോധവും സംബന്ധിച്ച ഗവേഷണ പഠനം."

ഗവേഷണ ലക്ഷ്യങ്ങൾ

1. കുറ്റാരോപിതരുടെ സാമൂഹിക-ജനസംഖ്യാത്മക വിശകലനം: 14-21 വയസ് പ്രായമുള്ള യുവജനങ്ങളിൽ പോക്സോ കേസുകളുടെ വർധനവിന് പിന്നിലുള്ള ജനസംഖ്യാത്മക, സാമൂഹിക, സാമ്പത്തിക ഘടകങ്ങളെ വിശദമായി പഠിക്കുകയും വിശകലനം ചെയ്യുകയും ചെയ്യുക.
2. നിയമപരമായ അറിവ് വിലയിരുത്തൽ: പ്രസ്തുത പ്രായവിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് പോക്സോ നിയമത്തിലെ വ്യവസ്ഥകളെക്കുറിച്ചുള്ള അവബോധം എത്രത്തോളം ഉണ്ടെന്ന് വിലയിരുത്തുക.
3. സമ്മതബന്ധങ്ങളോടുള്ള ധാരണകൾ പഠിക്കൽ: പോക്സോ നിയമത്തിന്റെ പശ്ചാത്തലത്തിൽ പരസ്പര സമ്മതത്തോടെയുള്ള ബന്ധങ്ങളെ യുവജനങ്ങൾ എങ്ങനെ കാണുന്നു എന്നത് മനസ്സിലാക്കുക.
4. നിയമബോധവും കേസുകളുടെ വർധനവും പരസ്പര സമ്മതത്തോടെയുള്ള ബന്ധവും പരിശോധിക്കൽ: നിയമത്തെക്കുറിച്ചുള്ള അവബോധക്കുറവും കൗമാരപ്രായത്തിലുള്ള കുറ്റാരോപിതരെയും അതിജീവിതരെയും ഉൾപ്പെടുത്തിയുള്ള പോക്സോ കേസുകളുടെ വർധനവും പരസ്പര സമ്മതത്തോടെയുള്ള ബന്ധവും വിശകലനം ചെയ്യുക.

ഗവേഷണ ചോദ്യങ്ങൾ

- കേരളത്തിൽ പോക്സോ കേസുകളിൽ കുറ്റാരോപിതരാകുന്ന ആൺകുട്ടികളിലും യുവാക്കളിലും പൊതുവായി കാണുന്ന സാമൂഹിക-ജനസംഖ്യാത്മക സവിശേഷതകൾ എന്തൊക്കെയാണ്?
- 14-21 വയസ്സുള്ള കൗമാരക്കാർക്കും യുവാക്കൾക്കും പോക്സോ നിയമത്തിലെ പ്രധാന വ്യവസ്ഥകളെക്കുറിച്ച് എത്രത്തോളം അറിവുണ്ട്?
- പ്രസ്തുത പ്രായവിഭാഗത്തിലുള്ള യുവജനങ്ങൾ പ്രണയ/ലൈംഗിക ബന്ധങ്ങളിലെ 'സമ്മതം' എന്നത് എങ്ങനെ മനസ്സിലാക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നു?
- നിയമബോധക്കുറവും പോക്സോ കേസുകളിൽ കുറ്റാരോപിതരാകുന്നതും തമ്മിൽ സ്ഥിതിവിവരപരമായോ വിഷയാധിഷ്ഠിതമായോ ശ്രദ്ധേയമായ ബന്ധം ഉണ്ടോ?

ഗവേഷണ രീതിശാസ്ത്രം

I. ഗവേഷണ രൂപകൽപ്പന

സ്ഥിതിവിവരപരമായി പ്രാതിനിധ്യമുള്ള വിവരങ്ങളും (statistically representative data), സന്ദർഭോചിതവും (contextual) ആഴത്തിലുള്ളതുമായ ധാരണയും (in-depth understanding) ലഭിക്കുന്നതിനായി, അളവ് സംബന്ധമായ സർവേകളും (quantitative surveys) ഗുണപരമായ അഭിമുഖങ്ങളും (qualitative interviews) ഫോക്കസ് ഗ്രൂപ്പ് ചർച്ചകളും (focus group discussions) സംയോജിപ്പിച്ച മിശ്ര ഗവേഷണ രീതി (Mixed-Method Design) ഈ പഠനത്തിൽ സ്വീകരിക്കേണ്ടതാണ്.

II. പഠന ജനസംഖ്യയും പങ്കാളികളും

- സ്കൂളുകൾ, കോളേജുകൾ, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള 14–21 വയസ്സിനിടയിലുള്ള ആൺകുട്ടികളും യുവാക്കളും.
- നിയമം, ശിശുസംരക്ഷണം, കൗമാര മനഃശാസ്ത്രം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന ഗവേഷകരും വിഷയവിദഗ്ധരും.
- വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രതിനിധികൾ (അധ്യാപകർ, കൗൺസിലർമാർ, അഡ്മിനിസ്ട്രേറ്റർമാർ).

III. സാമ്പിൾ ശേഖരണ രീതി

കേരളത്തിലെ നഗര-ഗ്രാമ പ്രദേശങ്ങളിലും, വിവിധതരം വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രാതിനിധ്യം ഉറപ്പാക്കുന്നതിനായി സ്ട്രാറ്റിഫൈഡ് റാൻഡം സാമ്പിളിംഗ് രീതി **(Stratified Random Sampling)** സ്വീകരിക്കേണ്ടതാണ്. ലഭ്യമായ വിഭവങ്ങളും (resources) സ്ഥിതിവിവര (statistical) ആവശ്യകതകളും അടിസ്ഥാനമാക്കി ഗവേഷണ രൂപകൽപ്പന ഘട്ടത്തിൽ കൃത്യമായ സാമ്പിൾ (sample size) അന്തിമമാക്കണം.

IV. ഡാറ്റ ശേഖരണ ഉപകരണങ്ങൾ

- സെക്കൻഡറി ഡാറ്റ വിശകലനം: നിലവിലുള്ള പോക്സോ കേസ് സ്ഥിതിവിവരക്കണക്കുകൾ, ലഭ്യമായ പോലീസ്/ജുഡീഷ്യൽ റെക്കോർഡുകൾ പരിശോധിക്കൽ.

- ഘടനാപരമായ ചോദ്യാവലി: നിയമബോധവും പരസ്പര സമ്മതത്തെ പറ്റിയുള്ള ധാരണകളും വിലയിരുത്തുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ **14–21** വയസ്സുള്ള ആൺകുട്ടികൾക്കും യുവാക്കൾക്കുമിടയിൽ സർവേ നടത്തൽ.
- ആഴത്തിലുള്ള അഭിമുഖങ്ങൾ: ഗവേഷകർ, അധ്യാപകർ, നിയമവിദഗ്ധർ എന്നിവരുമായി അഭിമുഖങ്ങൾ.
- ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ: പരസ്പര സമ്മതത്തോടെയുള്ള ബന്ധങ്ങൾ, നിയമബോധം എന്നിവയെക്കുറിച്ചുള്ള സമപ്രായക്കാരുടെ കാഴ്ചപ്പാടുകൾ മനസ്സിലാക്കുന്നതിന് യുവജനങ്ങളുമായി ചർച്ച.

ധാർമ്മിക പരിഗണനകൾ

- പങ്കാളികളിൽ **(Participants)** ഒരു വിഭാഗം പ്രായപൂർത്തിയാകാത്തവരാകാൻ **(18** വയസ്സിന് താഴെ**)** സാധ്യതയുള്ളതിനാൽ, പങ്കാളികളുടെ സമ്മതത്തിന് പുറമെ മാതാപിതാക്കളുടെ/രക്ഷിതാക്കളുടെ അറിവോടെയുള്ള സമ്മതവും, പങ്കെടുക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അനുമതിയും ഉറപ്പാക്കണം.
- പങ്കാളിത്തം സ്വമേധയാ ഉള്ളതായിരിക്കണം. പങ്കെടുക്കുന്നവരുടെ വിവരങ്ങളിൽ രഹസ്യായന്മാകത കർശനമായി പാലിക്കണം.
- പ്രായപൂർത്തിയാകാത്തവരെയും സെൻസിറ്റീവ് വിഷയങ്ങളെയും ഉൾപ്പെടുത്തുന്ന ഗവേഷണത്തിനുള്ള ബാധകമായ ധാർമ്മിക മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചാകും പഠനം നടത്തേണ്ടത്; വിവരശേഖരണത്തിന് മുൻപായി ഉചിതമായ സ്ഥാപനതല ധാർമ്മികാനുമതി **(institutional ethical clearance)** ഇതിനായി നേടണം.
- കൗമാരപ്രായക്കാരുമായി നേരിട്ട് ഇടപ്പെടുന്നതിൽ പരിശീലനം ലഭിച്ച ഗവേഷകരെ ഉൾപ്പെടുത്തണം .

പ്രതീക്ഷിക്കുന്ന ഫലങ്ങൾ

- **14–21** പ്രായപരിധിയിലുള്ള യുവജനങ്ങളിൽ പോക്സോ കേസുകൾ വർധിക്കുന്നതിന്റെ കാരണങ്ങളെക്കുറിച്ചുള്ള വ്യക്തവും തെളിവുകൾ അടിസ്ഥാനമാക്കിയതുമായ റിപ്പോർട്ട്.
- നിയമബോധവൽക്കരണ പരിപാടികൾ രൂപകൽപ്പന ചെയ്യുന്നതിന് ആവശ്യമായ തെളിവുകൾ അടിസ്ഥാനമാക്കിയ ശുപാർശകൾ.
- നയരൂപീകരണ വിഭാഗങ്ങൾക്കും ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾക്കും ഉപയോഗപ്രദമായ ഗവേഷണ റിപ്പോർട്ട്.

പഠനകാലാവധി

കരാർ ഒപ്പിടുന്ന തീയതി മുതൽ ആറുമാസത്തിനുള്ളിൽ പഠനം പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് കമ്മീഷനിൽ സമർപ്പിക്കേണ്ടതാണ്.

പരിമിത ക്വട്ടേഷനിൽ പങ്കെടുക്കാൻ ക്ഷണിക്കുന്ന സ്ഥാപനങ്ങൾ

പ്രസ്തുത ഗവേഷണ പഠനം ഏറ്റെടുത്ത് നടത്തുന്നതിന് ഗവേഷണ പരിചയവും ആവശ്യമായ അക്കാദമിക യോഗ്യതയും സൗകര്യങ്ങളുമുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് പരിമിത ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

- ലയോള കോളേജ് ഓഫ് സോഷ്യൽ സയൻസസ്,
- രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്,
- ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി

പരമാവധി ചെലവ്

പഠനത്തിനായി അനുവദിച്ചിട്ടുള്ള പരമാവധി തുക **₹5,00,000/- (അഞ്ച് ലക്ഷം രൂപ മാത്രം)** ആണ്. നികുതികളും മറ്റ് അനുബന്ധ ചെലവുകളും ഉൾപ്പെടെ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന ആകെ നിരക്ക് പരിശോധിച്ച തീരുമാനമെടുക്കുന്നതാണ്.

ക്വട്ടേഷൻ സമർപ്പിക്കുന്ന രീതി

- കമ്മീഷൻ ഓഫീസിൽ നേരിട്ട് സീൽ ചെയ്ത കവറിൽ സമർപ്പിക്കുക

മൂല്യനിർണയവും തിരഞ്ഞെടുപ്പും

- റിവേഴ്സ് ബിഡ്ഡിംഗിൽ ലഭിക്കുന്ന ഏറ്റവും കുറഞ്ഞ നിരക്ക് അടിസ്ഥാനമാക്കി L1 സ്ഥാപനത്തെ നിർണയിക്കുന്നതാണ്.

പ്രധാന തീയതികൾ

ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയതിയും സമയവും: 03.12.2026, ഉച്ചയ്ക്ക് 1.00 മണി

ക്വട്ടേഷൻ തുറക്കുന്ന തീയതിയും സമയവും: 03.12.2026, 3.00 മണിയ്ക്ക്

പൊതുവ്യവസ്ഥകൾ

- അപൂർണ്ണമായോ നിശ്ചിത സമയത്തിനുശേഷമോ ലഭിക്കുന്ന ക്വട്ടേഷൻ പരിഗണിക്കുന്നതല്ല.
- ക്വട്ടേഷനിൽ നൽകിയിട്ടുള്ള വിവരങ്ങൾ തെളിയിക്കുന്നതിനുള്ള രേഖകൾ സമർപ്പിക്കേണ്ടതാണ്.

- തെറ്റായ വിവരങ്ങൾ നൽകുകയോ വ്യവസ്ഥകൾ പാലിക്കാതിരിക്കുകയോ ചെയ്താൽ ക്വട്ടേഷൻ നിരസിക്കുന്നതാണ്.
- കമ്മീഷന് ആവശ്യമായ വിശദീകരണങ്ങൾ/അധിക രേഖകൾ ആവശ്യപ്പെടാവുന്നതാണ്.
- ക്വട്ടേഷൻ സ്വീകരിക്കുന്നതും നിരസിക്കുന്നതും സംബന്ധിച്ച അന്തിമ തീരുമാനം കമ്മീഷനിൽ നിക്ഷിപ്തമായിരിക്കും.
- പഠനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും അംഗീകരിച്ച ഗവേഷണ നിർദ്ദേശത്തിനും കരാർ വ്യവസ്ഥകൾക്കും വിധേയമായിരിക്കണം.

ഗോപകുമാരൻ നായർ. ബി
സെക്രട്ടറി
കേരള സംസ്ഥാന ബാലാവകാശ
സംരക്ഷണ കമ്മീഷൻ
തിരുവനന്തപുരം

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട വിലാസം:
കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ
ടി.സി 27/2980, ശ്രീ ഗണേഷ്, വാൻറോസ് ജംഗ്ഷൻ
ബേക്കറി ജംഗ്ഷന് സമീപം, കേരള യൂണിവേഴ്സിറ്റി പി.ഒ
തിരുവനന്തപുരം – 695 034

ഫോൺ: 0471 – 2326603

ഇ–മെയിൽ: childrights.cpcr@kerala.gov.in

വെബ് സൈറ്റ്: www.kescpcr.kerala.gov.in